# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1267 — 11.02.2016 ൽ - മറുപടിക്ക്

## റേഷൻ കാർഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. അബ്ദുൽ ഖാദർ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

(എ) സംസ്ഥാനത്ത് നിലവിൽ എത്ര റേഷൻ കാർഡുകൾ ഉണ്ട്; എ.പി.എൽ./ ബി.പി.എൽ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(എ) സംസ്ഥാനത്ത് 8325016 റേഷൻ കാർഡുകളാണ് നിലവിലുള്ളത്.

| | |
|---|---|
| എ.പി.എൽ (സബ്സിഡി) | 41,47,393 |
| എ.പി.എൽ (നോർമൽ) | 21,16,670 |
| ആകെ എ.പി.എൽ കാർഡുകൾ | 62,64,063 |
| ബി.പി.എൽ | 14,79,021 |
| എ.എ.വൈ | 5,81,932 |
| ആകെ റേഷൻ കാർഡുകൾ | 83,25,016 |

(ബി) സംസ്ഥാനത്തെ റേഷൻ കടകൾ വഴി എന്തെല്ലാം അവശ്യ സാധനങ്ങളാണ് നിലവിൽ വിതരണം ചെയ്യുന്നത്;

(ബി) സംസ്ഥാനത്തെ റേഷൻ കടകൾ വഴി അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ, ആട്ട എന്നീ അവശ്യ സാധനങ്ങളാണ് നിലവിൽ വിതരണം ചെയ്യുന്നത്.

(സി) ബി.പി.എൽ. വിഭാഗങ്ങൾക്ക് റേഷൻ കടകളിൽ നിന്നും ലഭിക്കുന്ന റേഷൻ സാധനങ്ങളുടെ വിവരവും ഇത് എത്ര അളവിൽ നൽകുന്നു എന്നും അറിയിക്കാമോ;

(സി) ബി.പി.എൽ. വിഭാഗങ്ങൾക്ക് റേഷൻ കടകളിൽ നിന്ന് ലഭ്യമാകുന്ന റേഷൻ സാധനങ്ങളുടെ അളവും വിലയും താഴെ ചേർക്കുന്നു.

| ഇനം | അളവ് | വില |
|---|---|---|
| അരി | 25.കി.ഗ്രാം | 1 രൂ/കി.ഗ്രാം |
| ഗോതമ്പ് | 8 കി.ഗ്രാം | 2 രൂ/കി.ഗ്രാം |
| പഞ്ചസാര | കാർഡിലെ ഒരംഗത്തിന് 400 ഗ്രാം വീതം | 13.50/കി.ഗ്രാം |
| മണ്ണെണ്ണ | 1) 1/2 ലിറ്റർ മുതൽ 1 ലിറ്റർ വരെ വൈദ്യുതീകരിച്ച വീടുള്ളവർക്ക് | 17/18 രൂ/ ലി. |
| | 2) 4 ലിറ്റർ വൈദ്യുതീകരിക്കാത്ത വീടുള്ളവർക്ക് | 17/18 രൂ/ ലി. |

(ഡി) എ.പി.എൽ വിഭാഗക്കാർക്ക് റേഷൻ കടകളിൽ നിന്നും ലഭിക്കുന്ന റേഷൻ സാധനങ്ങളുടെ വിവരവും, ഇത് എത്ര അളവിൽ നൽകുന്നു എന്നും അറിയിക്കാമോ;

(ഡി) എ.പി.എൽ വിഭാഗങ്ങൾക്ക് റേഷൻ കടകളിൽ നിന്ന് ലഭ്യമാകുന്ന റേഷൻ സാധനങ്ങളുടെ അളവും വിലയും താഴെ ചേർക്കുന്നു.

| ഇനം | അളവ് | വില |
|---|---|---|
| അരി | 9 കി.ഗ്രാം | 1) 8.90 രൂ/കി.ഗ്രാം (സബ്സിഡി സ്കീമിൽ ഇല്ലാത്തവർക്ക്)<br>2) 2 രൂ/കി.ഗ്രാം (സബ്സിഡി സ്കീമിൽ ഉള്ളവർക്ക് ) |
| ഗോതമ്പ് | 3 കി.ഗ്രാം | 6.70 രൂ/കി.ഗ്രാം |
| സപ്ലൈകോ ആട്ട | 2 കി.ഗ്രാം | 15 രൂ |
| മണ്ണെണ്ണ | 1) 1/2 ലിറ്റർ മുതൽ 1 ലിറ്റർ വരെ വൈദ്യുതീകരിച്ച വീടുള്ളവർക്ക് | 17/18 രൂ/ലിറ്റർ |
| | 2) 4 ലിറ്റർ വൈദ്യുതീകരിക്കാത്ത വീടുള്ളവർക്ക് | 17/18 രൂ/ലിറ്റർ |

(ഇ) അന്ത്യോദയ, അന്നപൂർണ്ണ പദ്ധതികൾ പ്രകാരം സംസ്ഥാനത്ത് എത്ര പേർക്ക് റേഷൻ കടകൾ വഴി ഭക്ഷ്യധാന്യം ലഭിക്കുന്നുണ്ട്; ഈ വിഭാഗത്തിൽ കഴിഞ്ഞ നാലു വർഷം വിതരണം ചെയ്ത ധാന്യത്തിന്റെ വർഷാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

(ഇ) അന്ത്യോദയ പദ്ധതി പ്രകാരം സംസ്ഥാനത്ത് 581932 കാർഡുടമകൾക്കും അന്നപൂർണ്ണ പദ്ധതി പ്രകാരം 26320 പേർക്കും റേഷൻ കടകൾ വഴി ഭക്ഷ്യധാന്യം ലഭിക്കുന്നുണ്ട്.

ടി വിഭാഗങ്ങളിൽ കഴിഞ്ഞ നാലു വർഷം വിതരണം ചെയ്ത ധാന്യത്തിന്റെ വർഷാടിസ്ഥാനത്തിലുള്ള കണക്ക് താഴെ ചേർക്കുന്നു.

| | എ.എ.വൈ | അന്നപൂർണ്ണ |
|---|---|---|
| 2011-12 | 245806.14 മെ.ടൺ | 3186.17 മെ.ടൺ |
| 2012-13 | 246676.42 മെ.ടൺ | 3175.58 മെ.ടൺ |
| 2013-14 | 246132.85 മെ.ടൺ | 2901.42 മെ.ടൺ |
| 2014-15 | 242263.72 മെ.ടൺ | 2143.09 മെ.ടൺ |

സെക്ഷൻ ഓഫീസർ